LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക്

204 (204) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോവിഡ്, നിപ്പ, എച്ച്1 എൻ1, ഡിഫ്തീരിയ എന്നീ പകർച്ചവ്യാധികൾ ബാധിച്ച രോഗികളെ സുരക്ഷിതരായി കിടത്തുന്നതിന് നിർമ്മിക്കുന്ന ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ രണ്ടാഘട്ട പ്രവർത്തനങ്ങൾക്കായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്ക് കമ്മ്യൂണിക്കേഷൻ ഓഫീസർ നിയമനം

205 (205) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്ക് കമ്മ്യൂണിക്കേഷൻ ഓഫീസർ പോസ്റ്റിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നുവോ?

ഇല്ല.

(ബി) ഇതിനായി നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

15-12-1989-ലെ സ.ഉ. (കൈ) നം. 266/89/ആ.കു.വ. പ്രകാരം കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലെ യോഗ്യത താഴെ പറയും പ്രകാരമാണ്.

Qualification

I. Post Graduate Degree or Diploma in Communication/ Journalism/Social Work/Health Education/Community Development from a recognised University/Institution

II. 5 Years experience in supervisory capacities in conducting communication/extension educational activities or in organizing training courses for Health Personnel (Experience Certificate obtained from a competent authority will only be considered).